**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **01-09-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് കാൻസർ ചികിത്സ കേന്ദ്രം ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കാൻസർ രോഗികൾ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെയാണ് ചികിത്സകൾക്കായി ആശ്രയിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് ജില്ലയിലെ കാൻസർ രോഗികൾ റേഡിയോ തെറാപ്പിക്കും സർജറിക്കുമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഉൾപ്പെടെയുള്ള മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രധാന ആശുപത്രികളെ ആശ്രയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ കേന്ദ്രം കൂടി പ്രവർത്തനമാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പാലക്കാട് ജില്ലാ ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ രോഗ ചികിത്സ നൽകുവാൻ പ്രാപ്തമായ ഒരു ക്യാൻസർ കെയർ വിഭാഗം പ്രവർത്തിച്ച വരുന്നുണ്ട്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെയും മലബാർ ക്യാൻസർ സെന്ററിന്റെയും മെഡിക്കൽ കോളേജുകളുടെയും സഹായത്തോട്ടു കൂടി രോഗികൾക്ക് കീമോതെറാപ്പിയും ക്യാൻസർ അനുബന്ധ ചികിത്സകളും നൽകുവാൻ സാധിക്കുന്നുണ്ട്. എന്നാൽ റേഡിയേഷൻ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ തൃശ്ശൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ